Office of the Minister for Welfare of
SC/ST & BC, Law
Parliamentary Affairs & Culture
Government of Kerala
PABX : 2336576

27-10-2017

പത്രകുറിപ്പ്

## പുനത്തിൽ കുഞ്ഞബ്ദുള്ള; മലയാള സാഹിത്യത്തിലെ ഒറ്റയാൻ
## മന്ത്രി എ.കെ. ബാലൻ

ജീവിതത്തെ പച്ചയായി ആവിഷ്ക്കരിച്ച, മലയാള സാഹിത്യത്തിന് തികച്ചും വ്യത്യസ്തമായ ശൈലി സമ്മാനിച്ച, കഥാസാഹിത്യത്തിലെ ഒറ്റയാനായിരുന്നു പുനത്തിൽ കുഞ്ഞബ്ദുള്ള. സരസമായ ശൈലിയിൽ ജീവിതഗന്ധിയായ കഥകളും നാടിന്റെ ഹൃദയസ്പന്ദനങ്ങൾ പകർത്തിയ നോവലുകളും രചിച്ച പുനത്തിൽ, വ്യക്തി ജീവിതത്തിലും വ്യത്യസ്തനായിരുന്നു. അലിഗഢിൽ എം.ബി.ബി.എസിന് പഠിക്കുന്ന കാലത്താണ് കുഞ്ഞബ്ദുള്ള കഥയിൽ സജീവമാകുന്നത്. അലഗഢിലെ തടവുകാരൻ എന്ന സമാഹാരവും അലിഗർ കഥകളും ഈ കാലഘട്ടത്തിലെ ആധുനിക കഥാ മാതൃകകളാണ്. തന്റെ ജീവിതമേഖലയുമായി ബന്ധപ്പെട്ട് രചിച്ചതും കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകൾ നേടിയതുമായ 'സ്മാരകശിലകൾ' അദ്ദേഹത്തിന്റെ മാസ്റ്റർപീസായി കണക്കാക്കപ്പെടുന്നു. സേതുവുമായി ചേർന്ന് രചിച്ച 'നവഗ്രഹങ്ങളുടെ തടവറ' ശ്രദ്ധേയമായി. കന്യാവനങ്ങൾ ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയതും ഓർക്കുന്നു.

ആതുരശുശ്രൂഷാ മേഖലയിലെ കൗതുകവും അപൂർവ്വവുമായ നിരവധി സംഭവങ്ങൾ അദ്ദേഹത്തിന്റെ കഥകൾക്കും മരുന്ന് തുടങ്ങിയ നോവലുകൾക്കും വിഷയമായിട്ടുണ്ട്.

ആധുനിക സാഹിത്യം മലയാളത്തിൽ വേരുപിടിക്കുന്ന കാലത്ത് ഉയർന്നുവന്ന സാഹിത്യകാരനാണ് പുനത്തിൽ കുഞ്ഞബ്ദുള്ള. അദ്ദേഹത്തിന്റെ ആദ്യകാല കഥകളിൽ ഈ കാലഘട്ടത്തിന്റെ സവിശേഷതകൾ കാണാൻ കഴിയും. എന്നാൽ മറ്റ് ആധുനിക സാഹിത്യകാരന്മാരെപ്പോലെ വിഷാദാത്മകവും ക്രിയാരഹിതവും അരാജകവുമായ ശൈലി തുടരാൻ അദ്ദേഹം മടിക്കുകയും റിയലിസത്തിന്റെ ജനപ്രിയമായ പുതിയ പാത വെട്ടിത്തുറക്കുകയും ചെയ്തു. ആരേയും രസിപ്പിക്കുന്ന നർമ്മകഥകളും പൂത്തിരിപോലെ കത്തി നിൽക്കുന്ന മിനിക്കഥകളും കുഞ്ഞബ്ദുള്ളയെ വ്യത്യസ്തനാക്കുന്നു. കുസൃതി നിറഞ്ഞ പ്രസ്താവനകളിലൂടെ നിരന്തരം വിവാദം സൃഷ്ടിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം. തനിക്ക് ജാതിയും മതവുമില്ലെന്ന് പലപ്പോഴും ആവർത്തിക്കാറുണ്ടായിരുന്നു അദ്ദേഹം.

എന്റെ നാട്ടുകാരനെന്ന നിലയിൽ വളരെ അടുത്ത സൗഹൃദം ഞങ്ങൾ തമ്മിൽ പുലർത്തിയിരുന്നു. ഏതാനും മാസം മുമ്പ് അദ്ദേഹത്തെ സന്ദർശിക്കുകയും പഴയകാല സംഭവങ്ങൾ അയവിറക്കുകയും ചെയ്തിരുന്നു. അപ്പോഴും ചടുലമായ അദ്ദേഹത്തിന്റെ സംഭാഷണ ചാതുരി എന്നെ വിസ്മയിപ്പിച്ചു.

P.A to minister